ഉത്തരം

(എ) അപൂർവം ചില ഷെഡ്യൂളുകളിൽ അപാകതകൾ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇവ പരിശോധിച്ച് പരിഹരിക്കുന്നതിന് കെ. എസ്. ആർ. ടി. സി. ചീഫ് ഓഫീസ് ലവലിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

കെ. എസ്. ആർ. ടി. സി. നിർത്തലാക്കിയ ഷെഡ്യൂളുകൾ

1270. [1735] ശ്രീ. കെ. കെ. നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985 ഏപ്രിൽ 1-നുശേഷം ഈ സംസ്ഥാനത്ത് കെ. എസ്. ആർ. ടി. സി. എത്ര ഷെഡ്യൂളുകൾ നിർത്തലാക്കിയിട്ടുണ്ട് ;

(ബി) പല ഷെഡ്യൂളുകളും നിർത്തിയതുകൊണ്ട് പല സ്വകാര്യ ബസ്സുടമകൾക്കും വളരെ പ്രയോജനം ഉണ്ടായിട്ടുണ്ട് എന്നകാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) 1985 ഏപ്രിൽ 1 നുശേഷം കെ. എസ്. ആർ. ടി. സി. സംസ്ഥാനത്തൊട്ടാകെ 193 ഷെഡ്യൂളുകൾ താൽക്കാലികമായി നിർത്തലാക്കിയിട്ടുണ്ട്.

(ബി) ഇല്ല.

കെ. എസ്. ആർ. ടി. സി. യിൽ കളക്ഷൻ ബത്ത

1271. [1737] ശ്രീ. സി. വാസുദേവമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. യിൽ കളക്ഷൻ ബത്ത ഏർപ്പെടുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ഈ സംവിധാനം ഫലപ്രദമായി മറേറതെങ്കിലും സംസ്ഥാനം നടപ്പിലാക്കിയിട്ടുള്ളതായി അറിവുണ്ടോ ?

ഉത്തരം

(എ) ആലോചിച്ചു വരുന്നു.

(ബി) വിശദാംശങ്ങൾ വിദഗ്ദ്ധമായ ഒരു പഠനത്തിനുശേഷമേ വെളിപ്പെടുത്താൻ കഴിയൂ.

(സി) ഉണ്ട്: തമിഴ്നാട്ടിൽ.

LIBRARY ARCHIVES Kerala Legislative Assembly